പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

165 [1409] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണം മരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട് ;

(സി) നബാർഡിന്റെ ധനസഹായം ലഭ്യമാക്കുവാനുള്ള പണികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയ പുതിയ പുഴപ്പാലം, തോട്ടംകടവുപാലം എന്നിവയുടെ നിർമ്മാണത്തിന് ധനസഹായം ലഭ്യമായിട്ടുണ്ടോയെന്നും ഇത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടംവരെയായിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ഡി) പാണപ്പുഴപ്പാലം നിർമ്മാണം നടപ്പു സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാനും 2005-06 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുവാനും മരാമത്ത് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പാണപ്പുഴപ്പാലം, തോട്ടംകടവ് പാലം, തായ്നേരി താളിച്ചെല്ലും പാലം, ചൂളക്കടവ് പാലം, പുതിയ പുഴക്കടവ് പാലം എന്നിവ നിർമ്മിക്കുന്നതിന് പരിഗണനയിലുണ്ട്.

(ബി) ഇതിൽ പാണപ്പുഴ പാലത്തിന് 150 ലക്ഷം രൂപയ്ക്കും തായ്നേരി താളിച്ചെല്ലും പാലത്തിന് 200 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പുതിയപുഴ പാലം, തോട്ടംകടവ് പാലം എന്നിവ നബാർഡ് സഹായഫണ്ടിൽ ഉൾപ്പെടുത്തി ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. അനുമതി ആയിട്ടില്ല.

(ഡി) പാണപ്പുഴപാലം നിർമ്മാണത്തിനുള്ള 166.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2004-ലെ ഷെഡ്യൂൾ പ്രകാരമുള്ളത് തയ്യാറാക്കി വരികയാണ്. സാങ്കേതികാനുമതി നൽകി കഴിവതും വേഗം ദർഘാസ് ക്ഷണിക്കുന്നതാണ്.

പടിഞ്ഞാറെ കല്ലട-വെട്ടിയതോട് പാലം പണി

166 [1410] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തൂർ മണ്ഡലത്തിലെ പടിഞ്ഞാറെ കല്ലട-വെട്ടിയതോട് പാലത്തിന്റെ പണിക്കായി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

വെട്ടിയതോട് പാലത്തിന്റെ പണിക്കുള്ള നടപടികൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly